# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1262**

**02.03.2017-ന് മറുപടിയ്ക്ക്**

## കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 2016-2021 കാലയളവിൽ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന പദ്ധതികളുടെ പ്രയോജനം മണലൂർ നിയോജക മണ്ഡലത്തിനും ലഭ്യമാകുന്നതാണ്.<br>1) ഒരു ഹൈസ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടും.<br>2) ഒരു നീന്തൽക്കുളത്തിന്റെ നിർമ്മാണം.<br>3) ഒരു കലാ-കായിക-സാംസ്കാരിക പാർക്കിന്റെ നിർമ്മാണം.<br>4) സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുക.<br>ഇവയെ കൂടാതെ വിവിധ സ്കൂളുകളിലെ ലബോറട്ടറി, ലൈബ്രറി നവീകരണ പ്രവർത്തനങ്ങളും ജൈവ വൈവിദ്ധ്യ പാർക്കിന്റെ നിർമ്മാണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല വിവിധ എൽ.പി., യു.പി, എച്ച്.എസ്., വി.എച്ച്.എസ്. സ്കൂളുകളുടെ നവീകരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) കേരളത്തിന്റെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ നാമധേയത്തിലുള്ള കണ്ടശ്ശാംകടവ് ഹയർ സെക്കണ്ടറി സ്കൂളിന്റെ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ് പ്രൊഫ.ജോസഫ് മുണ്ടശ്ശേരി ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 10.02.2017-ലെ സ.ഉ.(സാധാ) 361/17/പൊ.വി.വ. പ്രകാരം 412 (നാനൂറ്റി പന്ത്രണ്ട്) ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗം ലബോറട്ടറിയിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഒരുലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ടി സ്കൂളിലെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ